IV ശ്രദ്ധക്ഷണിക്കൽ

(1) കൃഷിനാശം സംഭവിച്ച പാലക്കാട് ജില്ലയിലെ കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. അച്ചുതൻ: സർ, കൊടുംവരൾച്ചമൂലം കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷിനാശം സംഭവിച്ച ജില്ലകളിലൊന്നാണ് എന്റെ നിയോജകമണ്ഡലമായ ചിറ്റൂർ. പാലക്കാട് സന്ദർശിച്ച മുഖ്യമന്ത്രി ഈ കാര്യം നേരിൽ കണ്ടതാണ്. കേരളത്തിൽ മുഴുവൻ കാലവർഷം തിമിർത്തു പെയ്യുമ്പോഴും എന്റെ നിയോജകമണ്ഡലത്തിലെ വടകരപതി, എരുത്തേംപതി എന്നീ പഞ്ചായത്തുകളിൽ ലോറികളിലാണ് കുടിവെള്ളം ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി വരൾച്ചയെ തുടർന്ന് കർഷകർ ഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ ഗവണ്മെന്റ് കർഷകർക്ക് വേണ്ടി ചില ആശ്വാസ നടപടികൾ സ്വീകരിച്ചെങ്കിലും ഇതിന്റെ പ്രയോജനം ദുരിതമനുഭവിക്കുന്ന കർഷകർക്ക് നൽകാതെ കൃഷി വകുപ്പിലെ ചില ഉദ്യോഗസ്ഥന്മാർ വെട്ടിപ്പ് നടത്തുകയായിരുന്നു. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്. അതിൽ മേൽ നടപടിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കർഷകർക്ക് പൂർണ്ണമായും, എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 5 ഏക്കർ കൃഷിഭൂമിയുള്ള കർഷകർക്കും വൈദ്യുതി സൗജന്യമായി നൽകിയിരുന്നു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 1 ഹെക്ടർ എന്നത് 2 ഹെക്ടർ ആക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടതനുസരിച്ചാണ് അന്നത്തെ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി 2 ഹെക്ടറാക്കി വർദ്ധിപ്പിച്ചത്. കൃഷിനാശംമൂലം കഴിഞ്ഞ 6 വർഷങ്ങളായി രണ്ടു ഹെക്ടറിൽ അധികം കൃഷി നടത്തുന്ന കർഷകർ വൈദ്യുതി ചാർജ്ജ് അടയ്ക്കുകയുണ്ടായിട്ടില്ല. ഇപ്പോൾ വൈദ്യുതി ഡിസ്കണക്ട് ചെയ്യുമെന്ന് ഓർഡർ ഇറക്കിയിരിക്കുകയാണ്. ആ ഉത്തരവ് പിൻവലിക്കണം. ആന്ധ്രായിൽ പുതിയ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ മുഖ്യമന്ത്രി ആദ്യത്തെ ഉത്തരവ് ഇറക്കിയത് കർഷകർക്ക് പരിധിയില്ലാതെ സൗജന്യമായി വൈദ്യുതി നൽകിക്കൊണ്ടായിരുന്നു. തമിഴ്നാട്ടിൽ കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്ന പതിവ് നിർത്തലാക്കിയിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പരാജയം കാരണം അത് വേണ്ടെന്നു വച്ച് ഇപ്പോൾ എല്ലാ കർഷകർക്കും സൗജന്യമായി വൈദ്യുതി കൊടുക്കാൻ തീരുമാനമായിരിക്കുകയാണ്. അതുകൊണ്ട് കൃത്യമായി കൃഷിനാശം സംഭവിച്ചുവെന്ന പരിഗണനയിൽ പാലക്കാട് ജില്ലയിലെ നെൽകർഷകരെപ്പോലെ കര കൃഷി നടത്തുന്ന മുഴുവൻ കർഷകർക്കും സൗജന്യമായി വൈദ്യുതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ 2 ഹെക്ടർ വരെയുള്ള കൃഷിക്കാരിൽ നിന്ന് പുതുതായി സൗജന്യ വൈദ്യുതിക്കുവേണ്ടിയുള്ള അപേക്ഷ കഴിഞ്ഞ രണ്ടു വർഷമായി കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാർ സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിൽ നടപടിയുണ്ടാകണം. ഇതുപോലെ മൂലത്തറ ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് ചിറ്റൂർ പ്രദേശത്തെ

LIBRARY ARCHIVES Kerala Legislative Assembly

കാർഷികാവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ജലവിഭവവകുപ്പാണ് ആ പണം അടയ്ക്കേണ്ടത്. ജലവിഭവവകുപ്പ് പണമടയ്ക്കാത്തതുകൊണ്ട് മൂലത്തറ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം നിർത്തുമെന്ന് പറഞ്ഞിരിക്കുകയാണ്. ഒരു കാരണവശാലും നിർത്താൻ പാടില്ല. കാരണം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ് പണമടയ്ക്കേണ്ടത്. കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്ന് ഈ ഉത്തരവ് ഉണ്ടാകണം. കൃഷി ഡിപ്പാർട്ടുമെന്റ് പണമടയ്ക്കാത്തതുകൊണ്ടാണ് ഇലക്ട്രിസിറ്റി ബോർഡ് ഈ തീരുമാനമെടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും എല്ലാം ആലോചിച്ചുകൊണ്ട് അടിയന്തിരമായി ഇലക്ട്രിസിറ്റി ഡിസ്കണക്ട് ചെയ്യുമെന്ന ഓർഡർ റദ്ദു ചെയ്യുകയും മുഴുവൻ കൃഷിക്കാർക്കും സൗജന്യമായി ഇലക്ട്രിസിറ്റി കൊടുക്കുകയും ഇതുവരെയുള്ള കറണ്ട് ചാർജ്ജ് റദ്ദ് ചെയ്ത് കൃഷിക്കാരെ രക്ഷിക്കുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സംസ്ഥാനത്ത് നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റ് കൃഷികൾക്ക് 2 ഹെക്ടർ വരെയുമാണ് ഇന്ന് സൗജന്യമായി വൈദ്യുതി നൽകുന്നത്. ഇങ്ങനെ സൗജന്യമായ വൈദ്യുതി നൽകുന്നതിന് ഓരോ വർഷവും കൊടുത്തുതീർക്കാൻ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് 3 കോടി രൂപയാണ്. ഇതിന് ആവശ്യമായി വരുന്നത് 14,24,00,000 രൂപയാണ്. ഏതാണ് 61,15,00,000-ഓളം രൂപ കുടിശ്ശികയായിട്ടുണ്ടായിരുന്നതിൽ ഈ വർഷത്തെ 3 കോടി രൂപയും കായംകുളം താപനിലയത്തിനായി എൻ.ടി.പി.സി.-ക്ക് കൈമാറിയതിന് പണമായി ബാക്കിയുണ്ടായിരുന്ന 18.54 കോടി രൂപയും കൊടുത്തു. ഇന്നത്തെ നിലയിൽ സൗജന്യമായിട്ടുള്ള വൈദ്യുതി മുടക്കും, ഫ്യൂസ് ഊരും എന്നൊക്കെ ഇലക്ട്രിസിറ്റി ബോർഡ് പറഞ്ഞത് ഇത്രയും പണം കൊടുത്തു, തൽക്കാലം നിർത്തൽ ചെയ്തിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ എവിടെയെങ്കിലും ഇലക്ട്രിസിറ്റി ഫ്യൂസ് ഊരുകയോ കണക്ഷൻ കൊടുക്കാതെയോ വരുന്നുവെങ്കിൽ അത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിയാൽ കാര്യമായി നടപടിയെടുക്കാം. മെമ്പർ ആവശ്യപ്പെടുന്നത് എല്ലാ കർഷകർക്കും സൗജന്യമായി Electricity കൊടുക്കണമെന്നാണ്. ഞാൻ മുമ്പ് പറഞ്ഞതാണ് ഇന്നത്തെ സ്ഥിതി. ബഡ്ജറ്റിൽ 3 കോടിയാണുള്ളത്. ആവശ്യമായിട്ടുള്ളത് 14 കോടിയിൽപരം രൂപയും. മുഴുവൻ പേർക്കും കൊടുക്കുക Department-ന്റെ ഈ ധനസ്ഥിതിയിൽ സാദ്ധ്യമല്ല.....സാധാരണ ധാരാളം വാഗ്ദാനം ചെയ്യും. ഒന്നും ചെയ്യുകയില്ല. ആ സ്ഥിതിവിശേഷം ഉണ്ടാകണ്ട. വാഗ്ദാനം ചെയ്തത് പരിപൂർണ്ണമായി നടപ്പിലാക്കിയ ശേഷം കൂടുതൽ ആനുകൂല്യത്തെക്കുറിച്ച് ആലോചിക്കാം. ഈ നിലയിൽ വരൾച്ച ബാധിത പ്രദേശത്തെ കർഷകർക്ക് എന്തെങ്കിലും ആനുകൂല്യം ചെയ്യാൻ സാധിക്കുമോ എന്ന് ഗവണ്മെന്റ് ആലോചിക്കുന്നതാണ്. ഇലക്ട്രിസിറ്റി കുടിശ്ശിക എങ്ങനെ കൊടുത്തു തീർക്കാമെന്നുള്ളതു സംബന്ധിച്ച് ഫിനാൻസ് വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടിയെടുക്കുന്നതാണ്. നമ്മുടെ ബഡ്ജറ്റ് വിഹിതവും

LIBRARY ARCHIVES Kerala Legislative Assembly

കടവുമൊക്കെ നോക്കിക്കഴിയുമ്പോൾ ഇതൊരു പ്രയാസകരമായ ജോലിയായി വരും. ഇന്നത്തെ നിലയിൽ വരൾച്ച ബാധിത പ്രദേശത്തെ കൃഷിക്കാർക്ക് സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കുന്ന അവസരത്തിൽ ഇലക്ട്രിസിറ്റിയുടെ കാര്യവും ആലോചിക്കാവുന്നതാണെന്നു മാത്രമേ പറയുന്നുള്ളൂ.

ശ്രീ. കെ. അച്ചുതൻ: രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള ആളുകൾക്ക് ഇപ്പോഴും വൈദ്യുതി സൗജന്യമാണ്. രണ്ട് ഹെക്ടറിന് മുകളിലുള്ളവർ വളരെ കുറച്ചുമാത്രമേ ഉണ്ടാകൂ. ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെട്ടത് എന്റെ നിയോജകമണ്ഡലത്തിലെ ചിറ്റൂരും കൊല്ലങ്കോട്ടുമാണ്. അവർക്ക് വളരെക്കാലമായി പൈസകെട്ടാൻ കഴിയാത്ത സ്ഥിതിയാണ്. മുഖ്യമന്ത്രി നേരിൽകണ്ടതാണ്. ഈ ഗവൺമെന്റ് ഉത്തരവ് പുനഃപരിശോധിച്ചുകൊണ്ട് കൃഷി ഡിപ്പാർട്ടുമെന്റ് ഇലക്ട്രിസിറ്റി ചാർജ് പരിപൂർണ്ണമായി ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിന് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഞാൻ നേരത്തെ പറഞ്ഞു. അവിടെ ഇത് കൊടുക്കത്തക്ക പരിതസ്ഥിതി ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പതിനഞ്ച് ഏക്കറും അതിൽക്കൂടുതലും കൈവശംവച്ചിട്ടുള്ള ആളുകൾ കേരളത്തിൽ മറ്റു സ്ഥലങ്ങളിലുമുണ്ട്. കണക്ക് നോക്കാതെയാണ് പറയുന്നത്. സാധാരണ പതിനഞ്ച് ഏക്കറാണ് പരിധി. ചില പ്രത്യേക സ്ഥലത്ത് സ്റ്റാന്റേർഡ് ഏക്കർ വരുമ്പോൾ അത് കുറഞ്ഞെന്നുവരും. ചിലയിടത്ത് കൂടിയെന്നും വരും. അല്ലാതെ വരില്ല. ഇത് പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് വന്നതാണ്. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ വരൾച്ചബാധിച്ച ഈ പ്രദേശത്തിന്റെ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യാമെന്നത്, സ്പെഷ്യൽ പാക്കേജിന്റെ കാര്യം കൂടി വരുമ്പോൾ അത് പരിശോധിച്ച് കർഷകന് എന്തൊക്കെ സഹായം കൊടുക്കുവാൻ സാധിക്കുമെന്നത് ബഡ്ജറ്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, പുതിയ അപേക്ഷ വാങ്ങുന്നില്ലെന്ന്. അത് ശരിയാണ്. ഗവൺമെന്റ് ഒരു തീയതി നിശ്ചയിച്ചാണ് അപേക്ഷ ക്ഷണിച്ചത്. തീയതിമാറ്റിക്കൊണ്ട് കൃഷിക്കാർക്ക് അപേക്ഷ കൊടുക്കുവാൻ സൗകര്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള നോട്ടിഫിക്കേഷൻ കൊടുക്കാം.

(2) കലാലയങ്ങളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിരോധിച്ചത് സംബന്ധിച്ച്

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിലെ കലാലയങ്ങളിൽ അപ്രഖ്യാപിത അടിയന്തിരാവസ്ഥ നിലനിൽക്കുകയാണ്. കേരളത്തിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾക്ക് മാനേജുമെന്റുകൾ വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കെതിരെ കള്ളക്കേസ്സുണ്ടാക്കുന്നു. പോലീസിനെ വിളിച്ചുവരുത്തി അവർക്ക് എതിരെ നടപടി സ്വീകരിക്കുന്നു. വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് ഗവൺമെന്റ് ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly